ഉത്തരം

(എ) 2010-11-ൽ കേരള ഫീഡ്സ് ഉത്പാദിപ്പിച്ചിരുന്ന കാലിത്തീറ്റയുടെ വില 50 കിലോ ചാക്കൊന്നിന് 650 രൂപയും ഇപ്പോഴത്തെ വില 50 കിലോ ചാക്കൊന്നിന് 960 രൂപയും ആണ്.

(ബി) 2011-ൽ മിൽമ ഗോമതി പ്ലസ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 650 രൂപയും മിൽമ ഗോമതി സൂപ്പർ കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 685 രൂപയും ആയിരുന്ന വില. 2015-ൽ മിൽമ ഗോമതി റിച്ച് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 960 രൂപയും മിൽമ ഗോമതി ബ്ലാക്ക് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 850 രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 1100 രൂപയും ആണ്.

ഗോവർദ്ധിനി പദ്ധതി

232 (1706) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(ബി) 1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.

3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.

4. രണ്ടു പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. അതായത് 13 മാസത്തിൽ കവിയാതിരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദന ശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.

6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.

7. കേരളത്തിലെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക.

(സി) 2014-15 സാമ്പത്തിക വർഷം 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുന്നതിന് സാധിച്ചു. ഈ സാമ്പത്തിക വർഷം ഗോവർദ്ധിനിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി തുക ജില്ലകളിലേക്ക് കൈമാറിയിട്ടുണ്ട്. അപ്രകാരം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും ഈ വർഷം എൻറോൾ ചെയ്യാൻ ഉദ്ദേശിക്കുന്ന 9,840 കന്നുകുട്ടികൾക്കും വേണ്ടി തുക വിനിയോഗിച്ച് വരുന്നു.

തെരുവ് നായ്ക്കളുടെ സംരക്ഷണം

233 (T*1707) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളെ സംരക്ഷിക്കുന്നതിന് കേന്ദ്ര മൃഗക്ഷേമ ബോർഡിൽ നിന്ന് മുഖ്യമന്ത്രിയ്ക്ക് നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര മൃഗ പ്രജനന നിയമത്തിലെ 7,8,9 വകുപ്പുകൾ അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിനും ജനസംരക്ഷണത്തിനും വ്യവസ്ഥ ചെയ്യുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതനുസരിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ആനിമൽ ബർത്ത് കൺട്രോൾ (ഡോഗ്) റൂൾസ് 2001-ന്റെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിനും ജനസംരക്ഷണത്തിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

*T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly